# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1675      17.06.2013-ൽ മറുപടിയ്ക്ക്

<u>പരിസ്ഥിതി ദുർബല പ്രദേശത്ത് വീടു വയ്ക്കുന്നതിനും താമസ വുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള സംവിധാനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) ഒരു പ്രദേശം പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും പ്രസ്തുത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഏത് ഏജൻസിയാണെന്നും വ്യക്തമാക്കുമോ ?; | എ) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ സെക്ഷൻ ബി (i) പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ എന്നാൽ. ഏതെങ്കിലും ആളിന്റെ കൈവശമുള്ളതും ഒരു റിസർവ് വനത്തോടോ ഒരു നിക്ഷിപ്ത വനത്തോടോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഏറിയകൂറും സ്വാഭാവികമായി വളർന്നുവന്ന സസ്യജാലങ്ങൾ നിറഞ്ഞതുമായ മറ്റേതെങ്കിലും വനഭൂമിയോടോ ചേർന്നുകിടക്കുന്നതോ അതിനാൽ ചുറ്റപ്പെട്ടതോ ആയ വനഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ എന്നും; (ii) പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളായി 4-ാം വകുപ്പുപ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും ഭൂമി എന്നും അർത്ഥമാകുന്നു.<br><br>പ്രസ്തുത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് പ്രത്യേക ഏജൻസികൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ ഇ.എഫ്.എൽ നിയമത്തിന്റെ വകുപ്പ് 3 പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ എല്ലാ പ്രദേശങ്ങളും 2.6.2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ പ്രദേശങ്ങളെ ഇ.എഫ്.എൽ നിയമ |

സെക്ഷൻ 3(2) പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്യാൻ കസ്റ്റോഡിയന് അധികാരമുണ്ട്.

ബി) പരിസ്ഥിതി ദുർബല പ്രദേശങ്ങളെ തന്നെ വിവിധ വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ടോയെന്നും ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഇതിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ബി) പരിസ്ഥിതി ദുർബല പ്രദേശങ്ങളെ വിവിധ ഭാഗങ്ങളായി തരംതിരിച്ചിട്ടില്ല. എന്നാൽ ഇ.എഫ്.എൽ നിയമ പ്രകാരം ഏറ്റെടുത്തിട്ടുള്ള എല്ലാ പ്രദേശങ്ങളും റിസർവ്വ് ഫോറസ്റ്റായി സംരക്ഷിക്കപ്പെടുന്നു. ആകയാൽ ഇപ്രകാരം ഏറ്റെടുക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ വനേതര പ്രക്രിയകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

സി) കേരളത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി വിവിധ വില്ലേജുകളെ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

സി) കേരളത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി വിവിധ വില്ലേജുകളെ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വിവിധ വില്ലേജുകളിലായി 13031.8048 ഹെക്ടർ ഭൂമി പരിസ്ഥിതി ദുർബല പ്രദേശങ്ങളായി ഏറ്റെടുത്തിട്ടുണ്ട്. (ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)

ഡി) പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട പ്രദേശത്ത് കൈവശ ഭൂമിയുള്ള സാധാരണജനങ്ങൾക്ക് വിടുവയ്ക്കുന്നതിനും താമസവുമായി ബന്ധപ്പെട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നതിനുള്ള സംവിധാനത്തെ സംബന്ധിച്ച് വ്യക്തമാക്കുമോ?

ഡി) പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട പ്രദേശത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**